**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരായ സാഹിത്യകാർന്മാരുടെ സാഹിത്യ കൃതികൾ - കൃതി പ്രസിദ്ധീകരണ പദ്ധതി - 2021-22 വർഷം നടപ്പിലാക്കുന്നതിനും ആയതിലേയ്ക്ക് വിജ്ഞാപനം ക്ഷണിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ(സാധാ)നം.791/2021/പജപവവിവ തിരുവനന്തപുരം, തീയതി. 08/09/2021

---

പരാമർശം:- 1) സ.ഉ(സാധാ)നം.462/2019/പജപവവിവ തീയതി. 03/06/2019

2) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 11/08/2021 ലെ ഡെവ.ബി1-31746/15 നം. കത്ത്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിൽ നിന്നും സാഹിത്യകാരന്മാരുടെ സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി 2019-20 ൽ പുനരാരംഭിച്ചും ധനസഹായ തുക 40,000/-രൂപയായി വർദ്ധിപ്പിച്ചു കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ പത്രപരസ്യം മുഖേന സാഹിത്യ കൃതികൾ ക്ഷണിച്ചതുപ്രകാരം ആകെ 53 അപേക്ഷകൾ ലഭ്യമാവുകയും മികച്ച 20 കൃതികൾക്ക് (പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം - 19, ജനറൽ -1) ധനസഹായം അനുവദിക്കുന്നതിനായി ജൂറി അംഗങ്ങൾ തിരഞ്ഞെടുക്കുകയും കൃതി പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട മാനദണ്ഡ പ്രകാരം 3 ഗഡുക്കളായി തുക 20 സാഹിത്യകാരന്മാർക്ക് 2021 മാർച്ച് മാസത്തിനകം പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തിലും സാഹിത്യ മേഖലയിൽ നിന്നും കൃതികൾ ക്ഷണിക്കുന്നതിന് വേണ്ട അനുമതി ലഭ്യമാക്കണമെന്നും പരാമർശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിൽ നിന്നും സാഹിത്യകാരന്മാരുടെ സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള പദ്ധതി 2021-22 വർഷം നടപ്പിലാക്കുന്നതിനും ആയതിലേയ്ക്ക് വിജ്ഞാപനം ക്ഷണിക്കുന്നതിനുമുള്ള അനുമതി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബിജുകുമാർ.ബി.റ്റി
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ചീഫ് പബ്ലിസിറ്റി ആഫീസർ, പട്ടികജാതി വികസന വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ